(എ) 2001-ജനുവരി 21-ാം തീയതിയിലെ നിലയനുസരിച്ച് സംസ്ഥാന ഗവൺമെന്റിന് വായ്പ നൽകിയ ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ തുകയും പലിശയും മടക്കി നൽകണമെന്നാവശ്യപ്പെട്ട് കൊണ്ട് ബന്ധപ്പെട്ട ട്രഷറി ആഫീസർമാർക്ക് കത്ത് നൽകിയിരുന്നു ;

(ബി) ഈ ജില്ലാ സഹകരണ ബാങ്കുകൾക്ക് മുതൽ, പലിശയിനത്തിൽ എന്ത് തുക വീതം നൽകാനുണ്ടെന്ന് വെവ്വേറെ പറയുമോ ;

(സി) സംസ്ഥാന സഹകരണബാങ്കിൽ നിന്നും പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിൽ നിന്നും ഇതുവരെ എന്ത് തുക വീതം ഈ ഗവൺമെന്റ് നിക്ഷേപമായി സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ഈ നിക്ഷേപം എത്ര തുകയായാണ് തിരിച്ച് നൽകേണ്ടത് ?

ഉത്തരം

(എ&ബി) ജില്ലാ സഹകരണ ബാങ്കുകൾ സർക്കാരിന് വായ്പ നൽകിയിട്ടില്ല.

(സി) സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ഇപ്പോൾ നിക്ഷേപമില്ല. പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിൽ നിന്ന് 378.44 കോടി രൂപ.

(ഡി) 790.37 കോടി രൂപ.

സർക്കാർ വകുപ്പുകൾ ട്രഷറിയിലടച്ച കടപ്പത്ര തുക

63 (460) ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രത്യേക ആവശ്യങ്ങൾക്കായി പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും കടപ്പത്രങ്ങളിലൂടെ സ്വരൂപിച്ച തുക ട്രഷറിയിൽ അടയ്ക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ടോ ;

(ബി) സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും ട്രഷറിയിലടച്ച കടപ്പത്ര തുക പിന്നീട് സർക്കാർ മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റി ഉപയോഗിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വകമാറ്റി ചെലവ് ചെയ്ത കടപ്പത്ര തുകയും വർഷവും വകുപ്പിന്റെയും സ്ഥാപനത്തിന്റെയും പേരുവിവരങ്ങളും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഭാഗ്യക്കുറി ഏജന്റുമാർക്ക് ക്ഷേമനിധി

64 (461) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly